ഉദ്യോഗിക പ്രോത്സാഹനം

*വ്യ. ന. (ഒ 0) ശ്രീ. ടി. ടി. കേശവൻശാസ്ത്രി: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട ഫാറസ്റ്റ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ.—

(എ) ഉദ്യോഗിക പ്രോത്സാഹനം അഭ്യർത്ഥിച്ചുകൊണ്ട് ഫാറസ്റ്റ് ഡിപ്പാർട്ടുമെണ്ടിലെ പിന്നോക്കസമുദായ ഉദ്യോഗസ്ഥന്മാർ ആരെങ്കിലും നിവേദനം സമർപ്പിച്ചിട്ടുണ്ടോ; :

(ബി) ഉണ്ടെങ്കിൽ തിരുവിതാംകൂർ ഡിവിഷനിൽ നിന്നും എത്രപേർ;

(സി) കൊച്ചി ഡിവിഷനിൽനിന്നും എത്ര പേർ?

വിദ്യാഭ്യാസവും തൊഴിലും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി (ശ്രീ പനമ്പിള്ളി ഗോവിന്ദമേനോൻ):

(എ) ഇല്ല.

(ബി, സി) ചോദ്യങ്ങൾ ഉദിക്കുന്നില്ല.

യാചകദുരിതനിവാരണം

*വ്യ. ന. (ഒ ഫ) ശ്രീ. ടി. ടി. കേശവൻശാസ്ത്രി: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട റവന്യൂവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ.—

(എ) പ്രൈവറ്റ് യാചകദുരിതനിവാരണ പ്രവർത്തനകേന്ദ്രങ്ങൾക്ക് ഗ്രാന്റ് നല്കി സഹായിക്കുവാനുള്ള നിവേദനങ്ങൾ കിട്ടിയിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ പ്രസ്തുത കേന്ദ്രങ്ങൾ ഏതെല്ലാം;

(സി) ഇതിൽ ഏതെങ്കിലും കേന്ദ്രത്തിന് ഗ്രാന്റ് നല്കിയിട്ടുണ്ടെങ്കിൽ അവ യഥാക്രമം എങ്ങനെയാണ്?

ധനകാര്യവും റവന്യൂവും വകുപ്പുമന്ത്രി (ശ്രീ. എ. ജെ. ജോൺ):

(എ) ഉവ കേന്ദ്രത്തിൽനിന്നും നിവേദനം കിട്ടിയിട്ടുണ്ട്. എന്നാൽ അതു കൂടുതൽ ധനസഹായത്തിനായിട്ടായിരുന്നു.

(ബി) ഇൻഫന്റ് ജീസസ് ആർഫനേജ്, മുളകുമൂട്, കൽക്കുളം.

(സി) ഗ്രാന്റ് നല്കിയിട്ടുള്ള കേന്ദ്രങ്ങളും അവയ്ക്കു കൊടുക്കുന്ന ഗ്രാന്റ് തുകയും താഴെ ചേർക്കുന്നു.

	സ്ഥാപനത്തിന്റെ പേര്	പ്രതിമാസ ഗ്രാന്റ്
ക.	ഹോം ഓഫ് ഡെസ്റ്റിറ്റ്യൂട്ട്, പെരുമാന്തുർ	ന ഒ രൂപാ
ഖ.	ശ്രീരാമവന്ന പൂവർഹോം, തൃശ്ശൂർ	ഖ ഒ ,,
ന.	സെന്റ് ആൻസ് ആർഫനേജ്, തൃശ്ശൂർ	ഖ ഒ ,,
ഘ.	സെന്റ് സേവിയേഴ്സ്, കൊടകര	ക ഠ ,,
ങ.	സേവാസദനം, തൃശ്ശൂർ	ക ഒ ,,
ന.	ഇൻഫന്റ് ജീസസ് ആർഫനേജ്, മുളകുമൂട്, കൽക്കുളം	ന ഒ ന ,, (ഏഴര മാസത്തേയ്ക്ക്)

ശ്രീ. സി. സി. പ്രസാദ്: പള്ളുരുത്തിയിലെ കേന്ദ്രത്തെപ്പറ്റി എന്താണ് ഒന്നും പറഞ്ഞുകാണാത്തത്?

ശ്രീ. എ. ജെ. ജോൺ: ഇപ്പോഴുള്ള കേന്ദ്രങ്ങളുടെ കാര്യമാണ് പറഞ്ഞത്. പള്ളുരുത്തിയിൽ ഇപ്പോൾ ഒന്നുമില്ല.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. സി. സി. പ്രസാദ്: അവിടെയും ഒരെണ്ണം സ്ഥാപിക്കുന്നതിനു എഴുപ്പാട ചെയ്യുകിൽ നന്നായിരുന്നേനെ?

ശ്രീ. എ. ജെ. ജോൺ: അതവിടെ മാത്രമല്ല, മറ്റുപലയിടത്തും ചെയ്യാൽ നന്നായിരിക്കുമെന്ന ഗവണ്മെണ്ടിനറിയാം.

വിഷവായു

*വ്യവ്യ. (൫൨) ശ്രീ. എ. വി. ജോസഫ്: താഴെ പറയുന്ന ചോദ്യങ്ങൾക്കു ബഹുമാനപ്പെട്ട തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി പറയുമോ.—

(എ) വ്യവസായശാലകളിൽനിന്നും വമിക്കുന്ന വിഷവായു അവിടത്തെ തൊഴിലാളികൾക്കു ഉപദ്രവമാകാത്തവിധം പുറത്തുകളയുവാൻ നിബന്ധനയില്ലേ;

(ബി) ഇതിനു വിധേയമായിട്ടാണോ ഇൻഡ്യൻ അലൂമിനിയം കമ്പനി, ഓഗയിൽ ഫ്രാസുഫാക്ടറി മുതലായ കമ്പനികൾ പ്രവത്തിക്കുന്നതു?

വിദ്യാഭ്യാസവും തൊഴിലും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ):

(എ) വ്യവസായശാലകളിൽനിന്നും വമിക്കുന്ന വിഷവായു പുറത്തുകളയുന്നതിനും അങ്ങിനെ വിഷവായു പുറത്തുകളഞ്ഞാൽ മാത്രം പോരാത്ത സന്ദർഭങ്ങളിൽ തൊഴിലാളികൾക്കു ആവശ്യമായ ഇതരരക്ഷാമാർഗ്ഗങ്ങൾക്കും ഫാക്ടറി ആക്ടിൽ വ്യവസ്ഥ ചെയ്തിട്ടുണ്ടു.

(ബി) ഇൻഡ്യൻ അലൂമിനിയം കമ്പനിയിൽനിന്നോ ഓഗയിൽ ഫാക്ടറിയിൽനിന്നോ വിഷവായു വമിക്കുന്നില്ല. അല്പമെങ്കിലും ദോഷകരമായ വായുക്കൾ വെളിയിൽ തള്ളുന്നതിനു സമർത്ഥമായ വെൻറിലേഷൻ ഈ ഫാക്ടറികളിൽ ഉണ്ടു.

കേസുകൾ

*വ്യവ. ൭. (൫൬) ശ്രീ. എ. വി. ജോസഫ്: താഴെ പറയുന്ന ചോദ്യങ്ങൾക്കു ബഹുമാനപ്പെട്ട തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി പറയുമോ.—

(എ) ഐക്യസംസ്ഥാനത്തു എത്ര അഡ്ജൂഡിക്കേഷൻ കേസുകൾ നിലവിലുണ്ടു;

(ബി) ഇതിൽ ആറുമാസത്തിലധികമായ കേസുകൾ എത്രയുണ്ടു?

വിദ്യാഭ്യാസവും തൊഴിലും സിവിൽ സപ്ലൈസും വകുപ്പു മന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ): (എ) & (ബി) തിരുവനന്തപുരം ഇൻഡസ്ട്രിയൽ ട്രൈബ്യൂണലിൽ ഇപ്പോൾ നിലവിലിരിക്കുന്ന കേസുകളുടെ എണ്ണം ൨൯. അതിൽ ആറുമാസത്തിൽ കൂടുതൽ പഴക്കമുള്ളവയുടെ എണ്ണം ൧൨.

ആലപ്പുഴ, ഇൻഡസ്ട്രിയൽ ട്രൈബ്യൂണലിൽ ഇപ്പോൾ നിലവിലിരിക്കുന്ന കേസുകളുടെ എണ്ണം ൫. അതിൽ ആറുമാസത്തിൽ കൂടുതൽ പഴക്കമുള്ളവയുടെ എണ്ണം ൪.

എറണാകുളം ഇൻഡസ്ട്രിയൽ ട്രൈബ്യൂണലിൽ ഇപ്പോൾ നിലവിലിരിക്കുന്ന കേസ്സുകളുടെ എണ്ണം ൪. അതിൽ ആറു മാസത്തിൽ കൂടുതൽ പഴക്കമുള്ളവയുടെ എണ്ണം ൧.

LIBRARY ARCHIVES Kerala Legislative Assembly